## ഏലിയാ സ്ലീവാക്കാലം എട്ടാം ഞായർ

**ലൂക്കാ 8:41-56**

### നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു

**റവ. ഫാ. സ്കറിയ വേകത്താനം**

സമൂഹത്തിൽ വിലയും നിലയുമുള്ള ഉന്നതസ്ഥാനം അലങ്കരിക്കുന്ന സിനഗോഗധികാരിയായ ജായ്റോസിന്റെ ദൈവാശ്രയബോധവും, അരുതുകളുടെയും വിലക്കുകളുടെയും ലോകത്തിൽ പൊതുസമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നു മാറ്റിനിർത്തപ്പെട്ട രക്തസ്രാവക്കാരിയായ സ്ത്രീയുടെ വിശ്വാസത്തിന്റെ ആഴവും കൂട്ടിയിണക്കുന്ന രണ്ടു സംഭവങ്ങളാണ് നാം ശ്രവിച്ചത്. മനുഷ്യൻ നിസ്സഹായനാകുന്ന രണ്ട് യാഥാർത്ഥ്യങ്ങളാണ് രോഗവും മരണവും. ആധുനിക വൈദ്യശാസ്ത്രത്തിലെ നൂതന കണ്ടുപിടുത്തങ്ങൾ ഒരു പരിധി വരെ രോഗത്തെ നിയന്ത്രിച്ചാലും മനുഷ്യൻ തോൽവി സമ്മതിക്കുന്ന ഏകസത്യമാണ് മരണം. എല്ലാ സാധ്യതകളും അസ്തമിക്കുന്നിടത്ത് അവസാനത്തെ പിടിവള്ളിയായി നാം കണ്ടെത്തുന്ന ഏക ആശ്രയം തമ്പുരാനാണ്. രോഗത്തിന്റെയും മരണത്തിന്റെയും പിടിയിൽ നിന്ന് മനുഷ്യനെ വിമോചിപ്പിക്കാൻ ശക്തിയുള്ളവനാണ് ഈശോമിശിഹാ എന്ന് ലൂക്കാ സുവിശേഷകൻ നമ്മെ ഓർമ്മപ്പെടുത്തുന്നു.

ക്രിസ്തുവിലുള്ള അഗാധമായ വിശ്വാസമാണ് എല്ലാത്തിനുമുള്ള ഔഷധം. വിശ്വാസമെന്ന ഒറ്റമൂലിക്ക് സുഖപ്പെടുത്താനാവാത്ത ഒരു രോഗവും മനഷ്യജീവിതത്തിലില്ല. സുഭാഷിതങ്ങൾ നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. കർത്താവിൽ പൂർണഹൃദയത്തോടെ വിശ്വാസമർപ്പിക്കുക. സ്വന്തം ബുദ്ധിയെ ആശ്രയിക്കുകയുമരുത് എന്ന്. രോഗത്തിന്റെ തീവ്രതയോ കാലദൈർഘ്യമോ ഒന്നും അവിടുത്തേക്കു വിഷയമല്ല. മറിച്ച് യേശുവിലുള്ള അചഞ്ചലമായ വിശ്വാസവും തീവ്രമായ ആഗ്രഹവുമാണ് സൗഖ്യത്തിനു നിദാനം. രക്തസ്രാവക്കാരിയുടെ ആഗ്രഹവും ആത്മവിശ്വാസവും ആരെയും അതിശയിപ്പിക്കുന്നതാണ്. യേശുവിന്റെ വസ്ത്രവിളുമ്പിൽ ഒന്നു തൊട്ടാൽ മതി താൻ സുഖം പ്രാപിക്കുമെന്ന് അവൾ വിശ്വസിച്ചു. യേശുവിന്റെ നന്മയിലും സ്നേഹത്തിലും കാരുണ്യത്തിലും അവൾക്കു തെല്ലും സംശയവുമില്ല. ആ വിശ്വാസത്തോടെ അവൾ അവിടുത്തെ വസ്ത്രത്തിൽ തൊട്ടപ്പോൾ ശക്തി അവളിലേക്ക് പ്രവഹിക്കുകയും അവൾ സുഖം പ്രാപിക്കുകയും ചെയ്തു.

വിശ്വാസമെന്നത് ദൈവത്തിന്റെ നന്മയെയും സ്നേഹത്തെയും കാരുണ്യത്തെയും കുറിച്ചുള്ള ഉറപ്പും തന്മൂലം ദൈവത്തിലുള്ള ആശ്രയത്വവുമാണ്. രോഗപീഡകളും മാറാവ്യാധികളും മൂലം വേദനിക്കുന്ന മനുഷ്യജീവിതങ്ങളെ നോക്കി യേശു പറയുന്നു: നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ. ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ (യോഹ 14:1). അതെ, ആയിരം മനുഷ്യർ നിന്റെ മുന്നിൽ കൈകൾ മലർത്തിക്കാണിച്ചാലും സ്വർഗത്തിലെ ദൈവത്തിന്റെ കൈകൾ നിനക്കായി തുറന്നിരിക്കും. നാം സാധാരണ പാടാറുണ്ടല്ലോ.

വിശ്വസിച്ചാൽ ദൈവത്തിന്റെ മഹത്വം കാണാം

പ്രാർത്ഥിച്ചാൽ ദൈവത്തിന്റെ പ്രവൃത്തി കാണാം.

ആരാധിച്ചാൽ ദൈവത്തിന്റെ വിടുതൽ കാണാം

ആശ്രയിച്ചാൽ ദൈവത്തിന്റെ കരുതൽ കാണാം.

ദൈവത്തിൽ സമ്പൂർണമായി വിശ്വാസമർപ്പിച്ചു ജീവിക്കുന്ന വ്യക്തിയെ ദൈവത്തിന് ഒരു വിധത്തിലും അവഗണിക്കാനാവില്ല. എന്തെന്നാൽ വിശ്വസിക്കുന്നവന് എല്ലാ കാര്യങ്ങളും സാധിക്കും (മർക്കോ 9:23). വിശുദ്ധ ജോൺ ക്രിസോസ്തോം നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. വിശ്വാസം ആത്മാവിന്റെ ദീപവും ജീവനിലേക്കുള്ള കവാടവും നിത്യരക്ഷയുടെ ആധാരവുമാണെന്ന്. പലപ്പോഴും വിശ്വാസത്തോടെ തമ്പുരാനോട് അടുത്തിരിക്കാത്തതാണ് നമ്മിലേക്കു ദൈവകൃപ ഒഴുകാത്തതിന്റെ കാരണം. ഇങ്ങനെയുള്ളവർക്ക് യാക്കോബ് ശ്ലീഹാ മുന്നറിയിപ്പ് നല്കുന്നുണ്ട്: സംശയമനസ്കനും എല്ലാ കാര്യങ്ങളിലും ചഞ്ചലപ്രകൃതിക്കാരനുമായ

ഒരുവന് എന്തെങ്കിലും കർത്താവിൽ നിന്നു ലഭിക്കുമെന്നു കരുതരുത് എന്ന്. അതിനാൽ കർത്താവിനോടു ഹൃദയം കൊണ്ടും വിശ്വാസം കൊണ്ടും അടുക്കാൻ നമുക്കു സാധിക്കണം.

മനുഷ്യജീവിതത്തിൽ പരാജയം ഏറ്റുവാങ്ങുന്ന ഒരു മുഹൂർത്തമാണ് മരണം. നാമെല്ലാവരും മരിക്കും. നിലത്തു വീണു ചിതറിയാൽ തിരിച്ചെടുക്കാൻ പറ്റാത്ത വെള്ളം പോലെയാണ് നാം. ജായ്റോസ് എന്ന ഗ്രീക്കുപദത്തിന് അവൻ പ്രകാശിപ്പിക്കും, പ്രകാശിതനായവൻ എന്നൊക്കെ അർത്ഥമുണ്ട്. തന്റെ പന്ത്രണ്ട് വയസ്സുള്ള ഏകമകൾ ആസന്നമരണയായപ്പോൾ സാമൂഹികമായി ഉയർന്ന നിലയിലുള്ള ജായ്റോസ് എന്ന സിനഗോഗധികാരി താഴ്മയോടെ യേശുവിന്റെ കാൽക്കൽ വീണു സഹായത്തിനായി കേണപേക്ഷിക്കുന്നു. പ്രതീക്ഷയുടെ പ്രകാശം കെട്ടുപോയി. കരിന്തിരി കത്തുന്ന വേളയിൽ സൗഖ്യദായകനായ ഈശോയുടെ ആശ്വാസവാക്കും കരുതലും അവളുടെ ജീവിതത്തെ പ്രകാശപൂരിതമാക്കുന്നു. വഴിയിൽ വച്ച് തന്റെ മകൾ മരിച്ചു എന്ന് ആൾക്കാർ വന്നു പറഞ്ഞപ്പോൾ, കർത്താവ് ജായ്റോസിനെ ശക്തിപ്പെടുത്തിക്കൊണ്ട് പറഞ്ഞു: ഭയപ്പെടേണ്ട, വിശ്വസിക്കുക മാത്രം ചെയ്യുക. അവൾ സുഖം പ്രാപിക്കും (ലൂക്കാ 8:50). ജായ്റോസിന്റെ വിശ്വാസം കണ്ട് കർത്താവ് ആ പെൺകുട്ടിയെ പുനർജ്ജീവിപ്പിച്ച് അവനു തിരിച്ചു നല്കി. ക്രിസ്തു കൂടെയുള്ളവനും കൂടെ ക്രിസ്തുവുള്ളവനും ഒരിക്കലും പരാജയപ്പെടുന്നില്ല. മരണമെന്ന മരീചികയെ തോൽപിക്കാനുള്ള മറുമരുന്ന് ഉത്ഥിതനിലുള്ള പ്രത്യാശയാണ്. സകലതും നഷ്ടപ്പെട്ടവരെ (പ്രളയം, വിലത്തകർച്ച, കടക്കെണി, പ്രകൃതിദുരന്തങ്ങൾ, മാരകരോഗങ്ങൾ, അപകടങ്ങൾ) നോക്കി അവിടുന്ന അരുളിച്ചെയ്യുന്നു: ദൈവത്തിന് എല്ലാം സാധ്യമാണ്.

ജീവിതത്തിന്റെ വഴിത്താരയിൽ നാം നേരിടേണ്ടി വരുന്ന തകർച്ചകളും പരാജയങ്ങളും നമ്മെ അലോസരപ്പെടുത്തുമ്പോൾ, ജായ്റോസിനെപ്പോലെ, രക്തസ്രാവക്കാരിയെപ്പോലെ. ആത്മധൈര്യവും വിശ്വാസതീക്ഷ്ണതയും ഉള്ളവരാക്കണമേ എന്നു പ്രാർത്ഥിക്കാം. സകലതും നഷ്ടപ്പെട്ടു എന്നു വിലപിച്ചിരിക്കുന്ന നമ്മുടെ സ്വപ്നങ്ങൾക്കു പ്രത്യാശയുടെ ചിറകു നല്കാൻ, അവനിലുള്ള വിശ്വാസം നിദാനമാകട്ടെ.